**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5930** **16-03-2023 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്വയംഭരണ വകുപ്പുകളുടെ ഏകോപനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.മോഹനൻ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | തദ്ദേശ സ്വയംഭരണ വകുപ്പുകളുടെ ഏകോപനം ഗുണകരമാണെങ്കിലും തുടക്കത്തിൽ ദൈനംദിന പ്രവർത്തനങ്ങളെയും ഫയൽ കൈകാര്യം ചെയ്യുന്നതിനേയും ജീവനക്കാരുടെ ജോലി ക്രമീകരണങ്ങളെയും ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഗ്രാമവികസന വകുപ്പിൽ മെഡിക്കൽ റീഇംബേഴ്സ്മെന്റ് അനുവദിച്ച് ഉത്തരവായതിൽ തുക അനുവദിക്കാൻ ബാക്കിയുണ്ടോ; എങ്കിൽ ഏത് വർഷം വരെയെന്ന് വിശദമാക്കുമോ; | (ബി) | 2023 മാർച്ച് മാസം വരെ ഉത്തരവായ അപേക്ഷകളിൽ കണ്ണട അലവൻസ് പൂർണ്ണമായും നൽകിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യത കുറവ്, സീലിംഗ് പരിധി തുടങ്ങിയ കാരണങ്ങളാൽ 2020 മുതലുള്ള വലിയ തുകകൾ നിലനിൽക്കുന്നു. മെഡിക്കൽ റീ ഇംബേഴ്സ്മെന്റിന്റെ (MR) ശീർഷകത്തിൽ മതിയായ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്കോ അടുത്ത സാമ്പത്തിക വർഷാരംഭത്തിലോ ഇപ്പോൾ പെൻഡിംഗിലുള്ള മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് അപേക്ഷകൾ പരിഗണിക്കുന്നതാണ്. |
| (സി) | ഗ്രാമവികസന വകുപ്പിന്റെ 17.08.2022-ലെ സി.ആർ.ഡി /3149/2022/എസ്റ്റാ -സി 1 ഉത്തരവ് പ്രകാരം അനുവദിച്ച മെഡിക്കൽ റീഇംബേഴ്സ്മെന്റ് തുക അനുവദിക്കുന്നതിന് തടസങ്ങൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ എപ്പോൾ അനുവദിക്കാനാവുമെന്ന് വിശദമാക്കുമോ? | (സി) | 17.08.2022-ലെ സിആർഡി-3149/2022/എസ്റ്റാ സി1 ഉത്തരവ് പ്രകാരം അനുവദിച്ച മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് തുക അനുവദിക്കുന്നതിന് തടസ്സങ്ങളില്ല. ഫണ്ട് ലഭ്യമായതിനുശേഷം സീനിയോറിറ്റി ക്രമം അനുസരിച്ച് തുക അനുവദിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ